കരാറുകാരന്റെ തികഞ്ഞ അനാസ്ഥമൂലം നാളിതുവരെ 15 ശതമാനം പണികൾ മാത്രമേ പൂർത്തീകരിക്കാൻ സാധിച്ചിട്ടുള്ളൂ. ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും പണിയിൽ ശുഷ്ക്കാന്തി കാണിക്കാത്ത സാഹചര്യത്തിൽ ടിയാനുമായുള്ള കരാർ റദ്ദാക്കി ബാക്കി പണികൾ rearrange ചെയ്യാനുള്ള നടപടികളെടുത്തിട്ടുണ്ട്. എത്രയുംവേഗം ഇതുസംബന്ധിച്ച് തീരുമാനം കൈക്കൊണ്ട് ബാക്കി പണി ദർഘാസ് ക്ഷണിച്ച് rearrange ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(13) കോട്ടപ്പാടത്ത് ഒരാൾ മരണപ്പെട്ടതും രണ്ടുപേർക്ക് പരിക്കുപറ്റിയതും സംബന്ധിച്ച്

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, വളരെ വേദനാജനകമായ ഒരു സംഭവമാണ് ഇന്നലെ വൈകുന്നേരം 6.30-ന് എന്റെ നിയോജകമണ്ഡലത്തിൽ നടന്നത്. മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ കോട്ടപ്പാടത്ത് ബീമനാട്വച്ച് 33 കെ.വി. ലൈൻ റിപ്പയർ ചെയ്യുന്ന സ്ാഹചര്യത്തിൽ പെട്ടെന്ന് കറന്റ് വരികയും ആ പോസ്റ്റിൽവച്ചുതന്നെ വളരെ ദാരുണമായി ഹരിദാസ് എന്ന യുവാവ് മരണപ്പെടുകയും അയ്യപ്പദാസ്, മോഹൻരാജ് എന്നിവർ പോസ്റ്റിൽനിന്നും തെറിച്ചുവീഴുകയും അവരെ പെരിന്തൽമണ്ണ സ്വകാര്യ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുകയും ചെയ്തിരിക്കുകയാണ്. ഇങ്ങനെ കറന്റ് പെട്ടെന്ന് വരാനുള്ള സാഹചര്യത്തെക്കുറിച്ച് അന്വേഷണം നടത്തണമെന്നും മരണപ്പെട്ടയാളിന്റെ കുടുംബത്തിനും പരിക്കുപറ്റിയവർക്കും അടിയന്തിരസഹായം അനുവദിക്കണമെന്നും സബ്മിഷനിലൂടെ ബഹുമാനപ്പെട്ട വിദ്യുച്ഛക്തി വകുപ്പുമന്ത്രിയോട് ഞാൻ ആവശ്യപ്പെടുന്നു.

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്):* സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ 26-7-2005 ചൊവ്വാഴ്ച രാത്രി 8 മണിക്ക് മണ്ണാർക്കാട് അലനെല്ലൂർ 33 കെ.വി. സബ്സ്റ്റേഷൻ ലൈനിൽ പണിയെടുത്തു കൊണ്ടിരുന്ന തൊഴിലാളികൾ, അത് റിലയൻസിന്റെ തൊഴിലാളികളാണ്. റിലയൻസിന് നേരത്തേ കോൺട്രാക്ട് കൊടുത്ത അടിസ്ഥാനത്തിൽ ഒരു വർഷത്തിനുള്ളിലുണ്ടാകുന്ന എല്ലാ മെയിന്റനൻസും അവർ നടത്തേണ്ടതാണ്. അവർ റിലയൻസിന്റെ തൊഴിലാളികളാണ്. ഏതായാലും അവർ അവിടെ കയറി maintenance work നടത്തുകയായിരുന്നു. 25-ാം തീയതി അലനെല്ലൂർ, മണ്ണാർക്കാട് പ്രദേശങ്ങളിലൊക്കെ അതിശക്തിയായ മഴയും കാറ്റുമുണ്ടായി. അതിന്റെ ഫലമായി ചില ലൈനുകളൊക്കെ പൊട്ടി. അങ്ങനെ പൊട്ടിവീണപ്പോൾ 25-ാം തീയതിതന്നെ അലനെല്ലൂർ സബ്സ്റ്റേഷൻ ലൈൻ ഓഫ് ചെയ്തു, അത് പ്രവർത്തിച്ചില്ല. അന്നുതന്നെ അത് ഓഫ് ചെയ്തതാണ്. അതുകൊണ്ടുതന്നെയാണ് 26-ാം തീയതി ഇവർ ടവറിന്റെ മുകളിൽ കയറി ജോലി ചെയ്യാനിടയായത്. പിറ്റേദിവസവും നല്ല കാറ്റും മഴയുമുള്ളതുകൊണ്ട് അവിടെ പല

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലങ്ങളിലും 11 കെ. വി. ലൈനിലും എൽ.ടി. ലൈനിലും മരം വീണിട്ടുണ്ട്. അങ്ങനെവന്നാൽ ഇതിലേക്ക് കറന്റ് പാസ് ചെയ്യാനുള്ള സാധ്യതയുണ്ട്. ഇവിടെ സബ്സ്റ്റേഷൻ ഓഫ് ചെയ്താലും മരം വീണാൽ ഈ 11 കെ.വി.യിലേക്കാണെങ്കിലും എൽ.ടി.യിലേക്കാണെങ്കിലും ഇതിലേക്ക് കറന്റ് പാസ് ചെയ്യാനുള്ള സാധ്യതയുണ്ട്. അങ്ങനെ കറന്റ് പാസ് ചെയ്തതുകൊണ്ടാണോ ഇത് സംഭവിച്ചതെന്ന് സംശയിക്കുന്നു. ഏതായാലും മൂന്നാളുകളെ ഇത് ബാധിച്ചു. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഹരിദാസ് ആണ് മരണപ്പെട്ടത്. അദ്ദേഹത്തിന്റെ മരണത്തിൽ ഞാൻ ദുഃഖം രേഖപ്പെടുത്തുകയാണ്. അതിനുപുറമെ അയ്യപ്പദാസ്, മോഹൻരാജ് എന്നിവർക്കാണ് അപകടം സംഭവിച്ചത്. ഈ രണ്ടുപേരെയും ഇപ്പോൾ പെരിന്തൽമണ്ണയിലുള്ള മൗലാനാ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തിരിക്കുകയാണ്. ഞാൻ ഇന്നലെ രാത്രിയിലും വിളിച്ചു. ഒരു 15 മിനിട്ടിനുമുമ്പുകൂടി ആശുപത്രിയുമായി ബന്ധപ്പെട്ടപ്പോൾ ഈ അയ്യപ്പദാസ് ഐ.സി.യു.വിലാണ്. ഏതായാലും അദ്ദേഹം അപകടനില തരണംചെയ്തു എന്നാണ് ആശുപത്രിയിൽനിന്നും മനസ്സിലാക്കിയത്. അതുപോലെ മോഹൻരാജും വാർഡിലാണ്, അദ്ദേഹത്തിന്റെ നിലയും വളരെയധികം improve ചെയ്തിരിക്കുകയാണ്. ഏതായാലും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഞാൻ ഇലക്ട്രിക്കൽ ചീഫ് ഇൻസ്പെക്ടറെ അടിയന്തിരമായി ഇതു സംബന്ധിച്ച് അന്വേഷണം നടത്താൻ ഏർപ്പാട് ചെയ്തിട്ടുണ്ട്, നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഉടനെതന്നെ എന്താണ് ഇതിന്റെ കാരണമെന്ന് അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച സാമ്പത്തികസഹായം, സാധാരണഗതിയിൽ ഇത് Workmen Compensation Act apply ചെയ്യുന്നതാണ്. അതുകൊണ്ട് ഇവർക്ക് Workmen Compensation Act അനുസരിച്ച് സഹായം നൽകേണ്ടത് വിലയൻസാണ്. എന്നാലും ബോർഡ് ഇക്കാര്യത്തിൽ പരമാവധി എന്തുചെയ്യാൻ സാധിക്കുമെന്നുനോക്കി ചെയ്യുന്നതാണ്.

(14) അംഗൻവാടി ജീവനക്കാരുടെ പ്രശ്നങ്ങൾ

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, അംഗൻവാടി ജീവനക്കാരുടെ പ്രശ്നം ഇതിനുമുമ്പ് പല തവണ ഈ സഭയുടെ മുമ്പിൽ വന്നതാണ്. അംഗൻവാടി ജീവനക്കാർ അധ്യാപികമാരാണ്. ഒപ്പം ഹെൽപ്പർമാരുമുണ്ട്. നിരവധി വർഷങ്ങളായി ജോലിചെയ്യുന്ന അദ്ധ്യാപികമാരായിട്ടുള്ള ഇവരുടെ സേവന വേതന വ്യവസ്ഥകൾ കൃത്യമായി നിശ്ചയിച്ചിട്ടില്ല. വളരെയധികം കഠിനാദ്ധ്വാനം ചെയ്യുന്ന അവർ അദ്ധ്യാപികമാരുടെ ജോലിയെടുക്കണം, ആയമാരുടെ പണിയെടുക്കണം, അമ്മമാരുടെ പണിയെടുക്കണം, കുട്ടികളെ പരിചരിക്കണം, സാമൂഹ്യപ്രവർത്തകർ എന്നനിലയിൽ ആരോഗ്യ വകുപ്പിന്റെയും സാമൂഹ്യക്ഷേമവകുപ്പിന്റെയും ജോലി ചെയ്യണം. ഇപ്രകാരം കഠിനാദ്ധ്വാനംചെയ്യുന്ന പതിനായിരക്കണക്കിനു സഹോദരിമാർ കേരളത്തിലുണ്ട്.